**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 6097 — 04.07.2019 ൽ മറുപടിയ്ക്ക്

## സൂര്യാഘാതം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ വി.കെ. ഇബ്രാഹിം കുഞ്ഞ് | ഇ. ചന്ദ്രശേഖരൻ<br>ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |

**(എ)** സൂര്യാഘാതത്തെ തുടർന്ന് ആകെ എത്രപേർ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മരണമടഞ്ഞിട്ടുണ്ട്;

**(എ)** കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് 7 പേർ സൂര്യാഘാതത്തെ തുടർന്ന് മരണമടഞ്ഞിട്ടുണ്ട്.

**(ബി)** ഇത്തരത്തിൽ മരണമടഞ്ഞവർക്ക് സർക്കാർ എന്തെങ്കിലും തരത്തിലുള്ള സഹായം നൽകിയിട്ടുണ്ടോ;

**(ബി)** സൂര്യാഘാതം മൂലം മരണപ്പെടുന്നവർക്ക് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്ന് ധനസഹായത്തിന് വ്യവസ്ഥയുണ്ട്. ആയത് പ്രകാരം മരണപ്പെട്ടവരിൽ ഒരാളുടെ അനന്തരാവകാശികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 4 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കാത്തതിനാൽ മറ്റുള്ളവർക്ക് ധനസഹായം വിതരണം ചെയ്തിട്ടില്ല. ബന്ധപ്പെട്ട രേഖകളോടൊപ്പം അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം വിതരണം ചെയ്യുന്നതാണ്.

**(സി)** സൂര്യാഘാതത്തെ പ്രകൃതി ദുരന്തമായി കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനനുസരിച്ചുള്ള സഹായമാണോ ഇത്തരത്തിൽ അപകടത്തിൽ പെടുന്നവർക്ക് നൽകിവരുന്നത്; വിശദമാക്കുമോ?

**(സി)** സ.ഉ.(കൈ) നം. 9/2019-ഡി.എം.ഡി തീയതി, 09.03.2019 പ്രകാരം ഉഷ്ണതരംഗം. സൂര്യാഘാതം, സൂര്യതാപം എന്നിവയെ സംസ്ഥാനത്തെ സവിശേഷ ദുരന്തമായി പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ബാധിക്കപ്പെടുന്ന പൊതുജനങ്ങൾക്കും, കർഷകർക്കും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ദുരിതാശ്വാസ സഹായത്തിന് അവസരമുണ്ട്. ഉഷ്ണതരംഗം. സൂര്യാഘാതം, സൂര്യതാപം എന്നിവ

മൂലമാണ് മരണം എന്ന് ആരോഗ്യ വകുപ്പിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 4 ലക്ഷം രൂപയും, കണ്ണ്/ കാഴ്ച ശക്തി 40% മുതൽ 60% വരെ നഷ്ടപ്പെട്ടവർക്ക് 59,100/- രൂപയും, 60% ന് മുകളിൽ കാഴ്ചശക്തി നഷ്ടപ്പെട്ടവർക്ക് 2,00,000/- രൂപയും ആശുപത്രിയിൽ ഒരാഴ്ചയിൽ കൂടുതൽ കിടത്തി ചികിത്സിച്ചവർക്ക് 12,700/- രൂപയും. ആയതിൽ കുറവ് ദിവസം കിടത്തി ചികിത്സിച്ചവർക്ക് 4,300/- രൂപയും അനുവദിക്കാൻ മേൽ ഉത്തരവ് പ്രകാരം വ്യവസ്ഥയുണ്ട്.

സെക്ഷൻ ഓഫീസർ